# കാക്കമ്മ

കാക്ക പറന്നു വന്നു.
കാക്ക തറയിൽ ഇരുന്നു.
"എന്തിനാ വന്നത്? "കുട്ടി ചോദിച്ചു.
"വിശന്നിട്ട്." കാക്ക പറഞ്ഞു.
"നിന്റെ കൂട് എവിടെയാണ്?"
"അതാ.. ആ മരത്തിൽ."
"കൂട്ടിൽ ആരൊക്കെ ഉണ്ട്?"
"മൂന്ന് കുഞ്ഞുങ്ങൾ ഉണ്ട്."
"കുഞ്ഞുങ്ങൾക്ക് തീറ്റ കൊടുത്തോ?"
"ഇല്ല."
"ഇതാ അപ്പം. കുഞ്ഞുങ്ങൾക്ക് കൊടുത്തോളൂ.."
കാക്ക അപ്പം കൊത്തി പറന്നുപോയി.



